നം.DDDKER/2848/2024-C1

ക്ഷീരവികസന വകുപ്പ്
ഡയറക്ടറേറ്റ്
പട്ടം, തിരുവനന്തപുരം -695004
ഫോൺ :0471-2445749, 2445799
e-mail: dir.dairy@kerala.gov.in
cru.ddd@kerala.gov.in

തീയതി:27-09-2024

## സർക്കുലർ നം.40/2024

വിഷയം:- ക്ഷീര വികസന വകുപ്പ് – കൺസൾട്ടൻസി സർവ്വീസ് സ്ഥാപനങ്ങളുടെ പ്രവർത്തനം - ക്ഷീര സഹകരണ സ്ഥാപനങ്ങളുടെ ജോലികൾ നിർവ്വഹിക്കുന്നതും സംഘം ഫണ്ട് വിനിയോഗിക്കുന്നതും നിയന്ത്രിക്കുന്നത് - സംബന്ധിച്ച്.

ക്ഷീരവികസന വകുപ്പ് ഉൾപ്പെടെയുള്ള ഇതര സർക്കാർ വകുപ്പുകളിൽ നിന്നും മറ്റ് സ്ഥാപനങ്ങളിൽ നിന്നും, സർവ്വീസിൽ നിന്നും വിരമിച്ച ചില ഉദ്യോഗസ്ഥർ സഹകരണ കൺസൾട്ടൻസി സർവ്വീസ് എന്ന പേരിലും അല്ലാതെയും സംസ്ഥാനത്ത് ചിലയിടങ്ങളിൽ സ്ഥാപനങ്ങൾ നടത്തുന്നതായും അവ വകുപ്പിന്റെ അനുമതിയോടെയാണ് പ്രവർത്തിക്കുന്നതെന്ന് സംഘങ്ങളെ തെറ്റായി വിശ്വസിപ്പിച്ചുകൊണ്ടും, അപ്രകാരം ധ്വനിയുള്ള പരസ്യങ്ങൾ സാമൂഹിക മാധ്യമങ്ങളിൽ അടക്കം നൽകിയും ഏജൻസികളായി പ്രവർത്തിക്കുന്നതായും സംഘത്തിലെ ജീവനക്കാർ ചെയ്യേണ്ടതായ ജോലികൾ ടി ഏജൻസികളെ/ഉദ്യോഗസ്ഥരെക്കൊണ്ട് ചെയ്യിപ്പിക്കുന്നതായും വകുപ്പുമായി നേരിട്ട് ബന്ധപ്പെടുന്നതിന് പകരം ഇത്തരം ഏജൻസികളെ ഭരണസമിതിയുടെ അറിവോടെയും/അല്ലാതെയും നിയോഗിക്കുന്നതായും, ഇതിനായി സംഘത്തിന്റെ ഫണ്ട് ദുർവിനിയോഗം ചെയ്യപ്പെടുന്നതായും ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ഇത്തരം ഏജൻസികൾ നൽകുന്ന തെറ്റായതും ആധികാരികമല്ലാത്തതുമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ സംഘത്തിന്റെ പ്രവർത്തനങ്ങൾ നടത്തപ്പെടുന്നതായും, വ്യാജമായ രീതിയിൽ കണക്കുകൾ തയ്യാറാക്കി നൽകുന്നതായും ആയത് സംഘം ജീവനക്കാരുടെ കാര്യശേഷിയെയും ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കാനുള്ള കഴിവിനേയും ബാധിക്കുന്നതായും, സംഘത്തിന്റെ യഥാർത്ഥ പ്രശ്നങ്ങൾ മനസ്സിലാക്കാനും അവ ഗ്രഹിക്കാനുമുള്ള കഴിവ് നഷ്ടപ്പെടുത്തുന്നതായും കാണുന്നു. ആയത് സ്ഥാപനങ്ങൾക്ക് ഭൂഷണമല്ലെന്ന് കരുതുന്നതിനാൽ ചുവടെ

പരാമർശിക്കുന്ന വിശദാംശങ്ങളും നിർദ്ദേശങ്ങളും പുറപ്പെടുവിക്കുന്നു.

1. ക്ഷീരവികസന വകുപ്പോ, സർക്കാരോ യാതൊരുവിധ സ്ഥാപനങ്ങൾക്കോ, വ്യക്തികൾക്കോ സംഘങ്ങളുടേയും വകുപ്പിന്റെയും ചുമതലയിൽ വരുന്ന ഏതെങ്കിലും പ്രവർത്തികൾ ഏറ്റെടുത്ത് നടത്തുവാൻ അനുമതി നൽകിയിട്ടില്ല.
2. മേൽ പരാമർശിച്ച തരം ഏജൻസികൾ നൽകുന്ന ഉപദേശങ്ങളും നിർദ്ദേശങ്ങളും ആധികാരികമല്ലാത്തതിനാലും, കൃത്യതയില്ലാത്തതിനാലും, തെറ്റിദ്ധാരണാജനകവുമായതിനാലും ഉപദേശങ്ങൾക്കും നിർദ്ദേശങ്ങൾക്കുമായി ക്ഷീരവികസന വകുപ്പിലെ ഉദ്യോഗസ്ഥരുമായി മാത്രം ബന്ധപ്പെടേണ്ടതാണ്.
3. ക്ഷീരസഹകരണ സംഘങ്ങൾ നിയമാനുസൃതം ചെയ്യേണ്ടുന്ന യാതൊരു പ്രവർത്തനവും പുറമേയുള്ള ഏജൻസികളെക്കൊണ്ട് ചെയ്യിക്കുവാൻ പാടുള്ളതല്ല.
4. സംഘത്തിലെ രജിസ്റ്ററുകൾ, റിക്കാർഡുകൾ, ജീവനക്കാരുടെ സേവനപുസ്തകം മുതലായവ യാതൊരു കാരണവശാലും ഇത്തരം പുറമേയുള്ള ഏജൻസികളെ സംഘത്തിൽ വരുത്തിയോ, പുറമേയ്ക്ക് കൊണ്ടുപോയോ ഇത്തരം ഏജൻസികൾ വഴി കൈകാര്യം ചെയ്യുവാനോ, പരിശോധിക്കുവാനോ എന്തെങ്കിലും രേഖപ്പെടുത്തലുകൾ നടത്തുവാനോ പാടുള്ളതല്ല. ഇതിനെതിരെ പ്രവർത്തിക്കുന്ന സംഘങ്ങളിൽ ആയതുമൂലം ഉണ്ടാകുന്ന എല്ലാ ഭവിഷ്യത്തുകൾക്കും സംഘംവക റിക്കാർഡുകളുടെ കസ്റ്റോഡിയനായ സെക്രട്ടറിയും, ഭരണസമിതിയും ഉത്തരവാദികളാകുന്നതാണ്. ആയതിനുവേണ്ടി ചെലവാകുന്ന തുക ഉത്തരവാദികളായ സംഘം സെക്രട്ടറി/ഭരണസമിതിയിൽ നിന്നും ഈടാക്കുന്നതാണ്.
5. ക്ഷീരസഹകരണ സംഘങ്ങൾ നിയമാനുസൃതം വകുപ്പിൽ സമർപ്പിക്കേണ്ട അപേക്ഷകൾ, സ്റ്റേറ്റുമെന്റുകൾ, റിപ്പോർട്ടുകൾ എന്നിവ സംഘം ജീവനക്കാർ തന്നെ തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്. ഇതിനായി പുറമേയുള്ള ഏജൻസികളെ ചുമതലപ്പെടുത്തുവാൻ പാടുള്ളതല്ല.
6. ക്ഷീര സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ ജോലി വിഭജനം ഭരണസമിതി നിർബന്ധമായും നടപ്പിലാക്കേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ എല്ലാ ക്ഷീര സംഘങ്ങളും കർശനമായി പാലിക്കേണ്ടതും ആയത് വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പുവരുത്തേണ്ടതുമാണ്.

**ഡയറക്ടർ/ക്ഷീരസഹകരണ സംഘം രജിസ്ട്രാർ**

Signed by
Asif K Yusuf
Date: 27-09-2024 17:13:35

പകർപ്പ്::- 1) ജോയിന്റ് ഡയറക്ടർ (ജനറൽ/പ്ലാനിംഗ്/SDL)

2) ഡെപ്യൂട്ടി ഡയറക്ടർ (ജനറൽ/ പ്ലാനിംഗ്/ ഐ.റ്റി & ഇ ഗവേർണൻസ്/ എക്സ്റ്റൻഷൻ)

3) എല്ലാ ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും

4) എല്ലാ ക്ഷീരപരിശീലന കേന്ദ്രം പ്രിൻസിപ്പാൾമാർക്കും

5) എല്ലാ ക്ഷീര വികസന ഓഫീസർമാർക്കും , ഡയറി ഫാം ഇൻസ്ട്രക്ടർമാർക്കും (ഡെപ്യൂട്ടി ഡയറക്ടർ മുഖാന്തിരം)

6) എല്ലാ ക്ഷീരസഹകരണ സംഘങ്ങൾക്കും (വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ മുഖാന്തിരം)

7) ഡി എഫ് ഐ, ഐ.റ്റി സെൽ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേയ്ക്കായി)